പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

24/06/2013 ൽ
മറുപടിക്ക്

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭ ചോദ്യം നം: 3344

# ഫിലിം സിറ്റി

ചോദ്യം

ശ്രീ. സി.പി. മുഹമ്മദ്
ശ്രീ. വി. റ്റി. ബൽറാം
ശ്രീ. കെ. ശിവദാസൻ നായർ
ശ്രീ. പാലോട് രവി

മറുപടി

ശ്രീ. ഉമ്മൻ ചാണ്ടി
(ബഹു. മുഖ്യമന്ത്രി)

| ചോദ്യം | മറുപടി |
| --- | --- |
| (എ) സംസ്ഥാനത്ത് ഫിലിം സിറ്റി തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്. തിരുവല്ലം ചിത്രാഞ്ജലി സ്റ്റുഡിയോ വികസിപ്പിക്കുന്നതിനും, ഒറ്റപ്പാലത്ത് ജലസേചന വകുപ്പിന് കീഴിലുള്ള സ്ഥലത്ത് പൊതു സ്വകാര്യ പങ്കാളിത്തത്തോടെ ഒരു ഫിലിം സിറ്റി ആരംഭിക്കുന്നതിനും ചലച്ചിത്ര വികസന കോർപ്പറേഷൻ ഉദ്ദേശിക്കുന്നുണ്ട്. |
| (ബി) ഇതിന്റെ ലക്ഷ്യങ്ങളും സവിശേഷതകളും എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) ഒറ്റപ്പാലത്തെ സിനിമാ ഷൂട്ടിംഗ് സാധ്യതകളെ പ്രയോജനപ്പെടുത്തികൊണ്ട് ധാരാളം സിനിമാ സംരംഭകരെ കേരളത്തിലേക്ക് ആകർഷിക്കുക എന്നതാണ് ലക്ഷ്യം.<br>ആധുനിക രീതിയിലുള്ള റിക്കാർഡിംഗ്/ ഡബ്ബിംഗ് തിയേറ്ററുകൾ, എഡിറ്റ് സ്യൂട്ട്സ്, സൗണ്ട് പ്രൂഫ് എയർ കണ്ടീഷനിംഗ് ഷൂട്ടിംഗ് ഫ്ളോർ, മേക്കപ്പ് റൂംസ്, ഔട്ട് ഡോർ യൂണിറ്റ് സൗകര്യം, പ്രോപ്പർട്ടി സ്റ്റോർ, റെസ്റ്റോറന്റ്സ്, കോട്ടേജസ്, ഷൂട്ടിംഗ് സെറ്റുകൾ ലാൻസ് സ്കെയിപ്പിംഗ്, പാർക്കിംഗ് ഏരിയ, മികച്ച താമസം തുടങ്ങിയ രീതിയിലുള്ള ആധുനിക സൗകര്യങ്ങളോടെയാണ് ഫിലിംസിറ്റി സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നത്. |
| (സി) ആരുടെയെല്ലാം പങ്കാളിത്തത്തിലാണ് ഇതിന്റെ പ്രവൃത്തികൾ ചെയ്യാനുദ്ദേശിക്കുന്നത് എന്ന് വിശദമാക്കുമോ ; | (സി) പൊതു സ്വകാര്യ പങ്കാളിത്തത്തോടെയാണ് ഫിലിംസിറ്റി നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നത്. |
| (ഡി) ഇതിനായി എന്തെല്ലാം പ്രാരംഭ നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) ജലസേചന വകുപ്പിൽ നിന്നും സ്ഥലം ലഭ്യമാക്കുവാനുള്ള പ്രാരംഭ നടപടികൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ